
# ഗാന്ധിയൻ വർത്തമാനം

അഭിമുഖങ്ങൾ • സംഭാഷണങ്ങൾ • കാഴ്ച്ചപ്പാടുകൾ



**ചൂഷണരഹിതവും പരിസ്ഥിതി സൗഹൃദപരവുമായ നീതിപൂർവ്വകവുമായ വികസന പരിപ്രേക്ഷ്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ലോകമെമ്പാടുമുള്ള ജനസമൂഹങ്ങൾ വിവിധ സമരമുഖങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുകയാണ്. പ്രത്യക്ഷ സമരപ്രവർത്തനങ്ങളിൽ സക്രിയ സാന്നിദ്ധ്യമായി ഒരുകൂട്ടർ തങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുമ്പോൾ മറ്റൊരുകൂട്ടർ ബദൽ അന്വേഷണങ്ങളുമായി ഈ സമരങ്ങളിൽ നിശ്ശബ്ദസേവനം നടത്തിക്കൊണ്ടിരിക്കുന്നു. ഭരണകൂടഹിംസയ്ക്കും മുതലാളിത്ത വികസനത്തിനും എതിരെയുള്ള പോരാട്ടങ്ങളിൽ പ്രത്യക്ഷ സമരങ്ങളും ബദൽ അന്വേഷണങ്ങളും തുല്യപ്രാധാന്യമർഹിക്കുന്നുണ്ട്. ഈ മേഖലകളിൽ സജീവമായി ഇടപെടുന്നവർക്കും സാമൂഹ്യചിന്ത കെടാതെ സൂക്ഷിക്കുന്നവർക്കും ഒത്തുചേരാനും പുതിയ ദിശാബോധങ്ങൾ നിർമ്മിച്ചെടുക്കാനുമുള്ള ഒരു വേദിയായിരുന്നു ഒക്ടോബർ 5 മുതൽ 9വരെ തൃശൂരിലെ സൽസബീൽ ഗ്രീൻ സ്കൂളിൽ വച്ച് നടന്ന ഗാന്ധിയൻ വർത്തമാനം കൂട്ടായ്മ. ആഗോളതലത്തിൽ ഗാന്ധിയൻ വികസന കാഴ്ചപ്പാടുകൾക്കും അഹിംസാത്മക മാർഗ്ഗങ്ങൾക്കും പ്രസക്തിവർദ്ധിച്ചുകൊണ്ടിരിക്കെ കേരളീയ സാമൂഹ്യസാഹചര്യങ്ങളെ ഗാന്ധിയൻ കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നതിനുള്ള ഒരു ശ്രമം കൂടിയായിരുന്നു ഗാന്ധിയൻ വർത്തമാനം.**

**കേരളത്തിനകത്തും പുറത്തും നിന്നുള്ള നിരവധി സാമൂഹികപ്രവർത്തകരും നിർമ്മാണാത്മക പ്രവർത്തകരും പങ്കെടുത്ത ഗാന്ധിയൻ വർത്തമാനത്തിൽ നിന്നും സമാഹരിച്ച അഭിമുഖങ്ങളും സംഭാഷണങ്ങളും ലേഖനങ്ങളും തുടർ സംവാദങ്ങൾക്കായി വായനക്കാർക്ക് മുന്നിൽ വയ്ക്കുന്നു കേരളീയം...**

**ഇസങ്ങൾക്കൊന്നും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്നും ഏറ്റവും താഴെത്തട്ടിലുള്ള അധികാര സംവിധാനങ്ങളിലൂടെ വേണം പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതെന്നും ഗാന്ധിജി വിലയിരുത്തിയിരുന്നു. ഓരോ വ്യക്തിക്കും പരിഗണന കൊടുക്കുക എന്നത് സാമൂഹികമായി ഒരു പ്രധാനകാര്യമാണ്. വ്യക്തികളുടെ അഭിപ്രായങ്ങൾ മാനിക്കാതിരിക്കുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യുന്നെങ്കിൽ സാമൂഹികനീതി അസാധ്യമാകും. അത് എങ്ങനെ സാധ്യമാകും എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. ഗാന്ധിയൻ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഗാന്ധിയൻ പ്രയോഗങ്ങളെ കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിക്കാൻ ശ്രമിക്കണം. സമകാലിക ലോകത്തിലെ ഗാന്ധിയൻ പ്രയോഗങ്ങൾ എന്താകണം, എങ്ങനെയാകണം എന്ന്...**

**നാരായൺ ദേസായി / എം.പി. പരമേശ്വരൻ**

# വർത്തമാനത്തിലെ ഗാന്ധിയൻ വെല്ലുവിളികൾ

**എം.പി. പരമേശ്വരൻ:** *ബുദ്ധനും മാർക്സും ഗാന്ധിയും തമ്മിൽ ആശയപരമായ ചില ബന്ധങ്ങളുണ്ടെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. ജനസംഖ്യയും ആർത്തിയും വർദ്ധിക്കുന്നതിന്റെ ഭാഗമായി മനുഷ്യസമൂഹം അത്യന്തം ഭീതിജനകമായ അവസ്ഥയിലേക്ക് പോവുകയും സാമൂഹികമാറ്റം സാധ്യമാക്കുന്നതരത്തിലുള്ള ആശയങ്ങളോ പ്രവർത്തനങ്ങളോ സംഭവിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ബുദ്ധന്റെയും മാർക്സിന്റെയും ഗാന്ധിയുടെയും ആശയങ്ങൾക്ക് മാത്രമാണ് എന്തെങ്കിലും ചെയ്യാൻ കഴിയുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. താങ്കൾ എങ്ങനെയാണ് കരുതുന്നത്? ഈ ആശയങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സാമൂഹികമാറ്റം എങ്ങനെ സാധ്യമാക്കാം?*

**നാരായൺ ദേസായി:** ഇവിടെ പറയുന്ന ഗാന്ധികഥയിൽ ആദ്യദിവസം അതിനെക്കുറിച്ച് ഞാൻ സംസാരിച്ചിരുന്നു. വ്യക്തി, സമൂഹം, പ്രകൃതി എന്നിവയെക്കുറിച്ചും ഇവ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചും ഗാന്ധിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. പ്രവൃത്തി ചെയ്യാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യം, സാമൂഹിക സമത്വം, പ്രകൃതിയുമായുള്ള സുസ്ഥിരബന്ധം എന്നീ കാര്യങ്ങൾ പരസ്പര പൂരകമാകാതെ മനുഷ്യസമൂഹത്തിന് നിലനിൽക്കാൻ സാധ്യമല്ല. മനുഷ്യന്റെ മാത്രമല്ല, എല്ലാ ജീവജാലങ്ങളുടെയും അവസ്ഥ അതുപോലെയാണ്. സ്വാർത്ഥത പൂർണ്ണമായും വെടിയാൻ നമ്മൾ സജ്ജരാകേണ്ടിയിരിക്കുന്നു. പ്രകൃതിയിൽ തന്നെയുള്ള അസമത്വങ്ങളും മനുഷ്യൻ സൃഷ്ടിക്കുന്ന അസമത്വങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. രണ്ടും പരമാവധി കുറയ്ക്കാനുള്ള ശ്രമങ്ങൾ എല്ലാ വ്യക്തികളിൽ നിന്നും ഉണ്ടാകണം. ശക്തരായവർ മാത്രം എല്ലാ അധികാരവും കൈകാര്യം ചെയ്യുന്ന രീതിയാണ് ഇന്ന് നിലനിൽക്കുന്നത്. അത് മാറണം. എന്നാൽ അത്തരം മാറ്റത്തിനായി ജനങ്ങളെ സന്നദ്ധരാക്കാൻ തടസ്സം നിൽക്കുന്നത് ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളാണ്. സ്ഥാപിതതാത്പര്യങ്ങളുടെ സംരക്ഷകരാണവർ.

ഒരനുഭവം പറയാം. മാവോയിസ്റ്റുകളും സർക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകളെ തുടർന്ന് കലാപകലുഷിതമായ

ഛത്തീസ്ഗഡിൽ സമാധാന മാർച്ചിനായി ജനകീയപ്രസ്ഥാനങ്ങളുടെയും സാമൂഹികപ്രവർത്തകരുടെയും ആഭിമുഖ്യത്തിൽ 2010ൽ ഞങ്ങൾ പോയിരുന്നു. റായ്പൂരിൽ നിന്നും ദന്തേവാഡയിലേക്കായിരുന്നു മാർച്ച്. സർക്കാർ സമാധാന മാർച്ച് തടഞ്ഞു. സമാധാനം ഞങ്ങൾക്ക് ആവശ്യമില്ലെന്നും മടങ്ങിപ്പോകണമെന്നും അവർ ഞങ്ങളോട് ആവശ്യപ്പെട്ടു. കോൺഗ്രസും ബി.ജെ.പിയുമെല്ലാം ഒറ്റക്കെട്ടായി ഞങ്ങൾക്കെതിരെ നിന്നു. ഛത്തീസ്ഗഡിലെ ആദിവാസി മേഖലകളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും പല താത്പര്യങ്ങളുമുണ്ട്. പുറത്ത് നിന്നുമുള്ള ഇടപെടലുകളൊന്നും അവർ അവിടെ ആഗ്രഹിക്കുന്നില്ല. ഛത്തീസ്ഗഡ് വനമേഖലയിലെ പ്രകൃതിവിഭവങ്ങളുടെമേൽ വൻശക്തികൾ കണ്ണു വച്ചിട്ടുണ്ട്. അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് സർക്കാറുകൾ പ്രവർത്തിക്കുന്നത്. സമാധാന സംഭാഷണങ്ങൾ അത്തരം താത്പര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്ന് ഭയന്നാണ് രാഷ്ട്രീയപാർട്ടികൾ ഞങ്ങളുടെ മാർച്ച് തടഞ്ഞത്. രാഷ്ട്രീയ പാർട്ടികളുടെ ഇത്തരം സ്ഥാപിതതാത്പര്യങ്ങൾ ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കാൻ നമുക്ക് കഴിയണം. ഈ അപചയം ജനങ്ങളെ ബോധ്യപ്പെടുത്തണം.

1948 ജനുവരി 29ന് ഗാന്ധിജി കോൺഗ്രസിന് എഴുതിയ കുറിപ്പിൽ പാർട്ടിയുടെ ഘടന എങ്ങനെയാകണം എന്നതിനെക്കുറിച്ച് വിശദീകരിച്ചുണ്ട്. ജനങ്ങൾക്ക് അധികാരമുള്ള വികേന്ദ്രീകൃതമായ ഒരു സംവിധാനം നിർമ്മിച്ചെടുക്കാനാണ് കോൺഗ്രസ് ശ്രമിക്കേണ്ടതെന്ന് അദ്ദേഹം അതിൽ പറയുന്നുണ്ട്. ഇസങ്ങൾക്കൊന്നും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്നും ഏറ്റവും താഴെത്തട്ടിലുള്ള അധികാര സംവിധാനങ്ങളിലൂടെ വേണം പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതെന്നും ഗാന്ധിജി ആ കുറിപ്പിൽ വിശദമാക്കുന്നുണ്ട്. ഇസങ്ങളെല്ലാം അപ്രസക്തമാകുമെന്നും ഇസങ്ങൾ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് പ്രസക്തിയില്ലെന്നുമാണ് ഗാന്ധിജി ആ ലേഖനത്തിലൂടെ സമർത്ഥിക്കുന്നത്. അത് ശരിയാണെന്നാണ് സമകാലിക അനുഭവങ്ങൾ നമ്മളോട് പറയുന്നതും.

**എം.പി:** *കേന്ദ്രീകൃത അധികാര സംവിധാനത്തിന് ബദലായി താഴെത്തട്ടിൽ ജനങ്ങൾക്ക് അധികാരം നൽകാൻ കഴിയുന്ന ഒരു പ്രസ്ഥാനം, ഗ്രാമസഭകളെയും കൃഷി പോലെയുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട് എങ്ങനെ നിർമ്മിച്ചെടുക്കാം? എന്തെല്ലാം സാധ്യതകളാണ് താങ്കൾ അതിനായി മുന്നിൽ കാണുന്നത്?*

**നാരായൺ ദേസായി:** ഗ്രാമസഭ, പഞ്ചായത്തീരാജ് എന്നീ പദങ്ങളേക്കാൾ രാഷ്ട്രീയമുള്ള ഗ്രാമസ്വരാജ് എന്ന വാക്ക് മുന്നോട്ട് വച്ചത് വിനോബയാണ്. ഗ്രാമസഭയിലൂടെ ഗ്രാമസ്വരാജിലേക്ക് എത്തണം എന്നതാകണം ലക്ഷ്യമെന്ന് വിനോബ പറഞ്ഞിട്ടുണ്ട്. പേരിലല്ല കാര്യം, വില്ലേജ് തലത്തിൽ ലഭിക്കുന്ന അധികാരത്തെ ജനങ്ങൾ എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം.

മഹാരാഷ്ട്രയിലെ ഗഡ്ചിറോളി ജില്ലയിലെ മേൻഢ–ലേഖ ഗ്രാമം ഗ്രാമസ്വരാജ് സംവിധാനത്തിന്റെ വിജയകഥ നമുക്ക് കാണിച്ചുതരുന്നു. ഗ്രാമസഭയ്ക്ക് സമ്പൂർണ്ണ അധികാരമുള്ള ഗ്രാമമാണ് മേൻഢ–ലേഖ. വിഭവങ്ങൾക്ക് മേൽ ജനങ്ങൾക്കാണ് അവിടെ സമ്പൂർണ്ണ അധികാരം. സർക്കാർ പദ്ധതികൾക്ക് ആ ഗ്രാമത്തിലേക്ക് കടന്ന് വരണമെങ്കിൽ ഗ്രാമസഭയുടെ അംഗീകാരം വേണം. ഇന്ത്യയിലെ ഏത് ഗ്രാമത്തിലേക്കും ജില്ലാ കളക്ടർ വന്നാൽ അദ്ദേഹത്തിന് ഇരിക്കുന്നതിനായുള്ള കസേര നൽകുക എന്നത് പ്രാദേശിക ഭരണസംവിധാനത്തിന്റെ കടമയാണ്. എന്നാൽ മേൻഢ–ലേ



നാരായൺ ദേസായി, എം.പി. പരമേശ്വരൻ

**1948 ജനുവരി 29ന് ഗാന്ധിജി കോൺഗ്രസിന് എഴുതിയ കുറിപ്പിൽ പാർട്ടിയുടെ ഘടന എങ്ങനെയാകണം എന്നതിനെക്കുറിച്ച് വിശദീകരിച്ചുണ്ട്. ജനങ്ങൾക്ക് അധികാരമുള്ള വികേന്ദ്രീകൃതമായ ഒരു സംവിധാനം നിർമ്മിച്ചെടുക്കാനാണ് കോൺഗ്രസ് ശ്രമിക്കേണ്ടതെന്ന് അദ്ദേഹം അതിൽ പറയുന്നുണ്ട്. ഇസങ്ങൾക്കൊന്നും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്നും ഏറ്റവും താഴെത്തട്ടിലുള്ള അധികാര സംവിധാനങ്ങളിലൂടെ വേണം പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതെന്നും ഗാന്ധിജി ആ കുറിപ്പിൽ വിശദമാക്കുന്നുണ്ട്. ഇസങ്ങളെല്ലാം അപ്രസക്തമാകുമെന്നും ഇസങ്ങൾ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് പ്രസക്തിയില്ലെന്നുമാണ് ഗാന്ധിജി ആ ലേഖനത്തിലൂടെ സമർത്ഥിക്കുന്നത്**

ഖയിലേക്ക് ജില്ലാ കളക്ടർക്ക് വരണമെങ്കിൽ ഗ്രാമസഭയുടെ മുൻ അനുമതി വാങ്ങണം. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന, നക്സലൈറ്റുകളും സർക്കാരും തമ്മിൽ പതിവായി ഏറ്റുമുട്ടുന്ന മഹാരാഷ്ട്രയിലെ ഗഡ്ചിറോളി ജില്ലയിലാണ് ഇത് സാധ്യമായതെന്ന് പ്രത്യേകം ശ്രദ്ധിക്കണം. ഗ്രാമസഭയിൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലല്ല അവിടെ തീരുമാനങ്ങളെടുക്കുന്നത്. എല്ലാം അംഗങ്ങളുടെയും പിന്തുണയുള്ള തീരുമാനങ്ങൾ മാത്രമെ ഗ്രാമസഭ അംഗീകരിക്കുകയുള്ളു. ഒരാൾക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ തീരുമാനത്തിനായി വീണ്ടും ചർച്ച നടത്തും. ഐകൃത (unanimity)യുടെ തത്വമാണ് അവർ മുറകെ പിടിച്ചിരിക്കുന്നത്. ഗ്രാമസഭയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മറ്റൊരു സംവിധാനം കൂടി അവിടെ നിലവിലുണ്ട്. വനവിഭവങ്ങൾക്ക് മേലുള്ള അധികാരവും സർക്കാർ ഗ്രാമസഭയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്ന മേൻഢ-ലേഖ തീർച്ചയായും ഒരു മാതൃകയായെടുക്കണം. സർവ്വസേവാ സംഘത്തിന്റെ ചെയർമാനായി ഞാൻ കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ഐകകണ്ഠേനെയോ (unanimously) സർവ്വസമ്മതിയോടെയോ (consensus) മാത്രമെ തീരുമാനങ്ങൾ എടുക്കാൻ പാടുള്ളൂ എന്ന ഒരു നിയമം സർവ്വസേവാ സംഘം പാലിച്ചുപോകുന്നുണ്ട്. പക്ഷെ unanimity യുടെ സ്പിരിറ്റ് എല്ലാവരും ഒരു പോലെ ഉൾക്കൊള്ളുന്നില്ല എന്ന് എനിക്ക് പലപ്പോഴും മീറ്റിംഗുകളിൽ തോന്നിയിട്ടുണ്ട്. ഐകകണ്ഠേനെയുള്ള തീരുമാനങ്ങൾക്ക് പിന്നിൽ പലതരത്തിലുള്ള സമ്മർദ്ദങ്ങളും വരുന്നതായാണ് കാണാൻ കഴിയുന്നത്. Unanimityക്ക് നല്ല ക്ഷമയും ജനാധിപത്യ ബോധവും ആവശ്യമാണ്.



ബാലനായ നാരായൺ ദേസായി ഗാന്ധിജിയോടൊപ്പം

16-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ തുടങ്ങിയ ക്രിസ്ത്യൻ വേരുകളുള്ള ക്വേക്കർ പ്രസ്ഥാനം കൂട്ടായ തീരുമാനങ്ങൾക്ക് വില കൊടുത്തിരുന്ന സമൂഹമായിരുന്നു. റിലിജിയസ് സൊസൈറ്റി ഓഫ് ഫ്രണ്ട്സ് എന്നും അറിയപ്പെട്ടിരുന്ന ക്വേക്കർ സമൂഹം എല്ലാവരിലും ദൈവമുണ്ടെന്നും അതുകൊണ്ടുതന്നെ ഓരോ മനുഷ്യനും ഒരുപോലെ പ്രധാനമാണെന്നും വിശ്വസിക്കുന്നു. എല്ലാവരിലും ഒരു സത്യമുണ്ടെന്നും ആ സത്യം പുറത്ത്കൊണ്ടുവരണമെന്നും അതിനായി എല്ലാവർക്കും അവസരം നൽകണമെന്നും ക്വേക്കർമാർ വിശ്വസിച്ചിരുന്നു. എല്ലാവരുടെയും അംഗീകാരത്തോടെ മാത്രം തീരുമാനമെടുക്കുന്ന രീതി അങ്ങനെയാണ് ക്വേക്കർ സമൂഹത്തിനിടയിൽ വികസിച്ചത്. അതൊരു മാതൃകയായി അവർ ലോകത്തിന് കാണിച്ചുകൊടുത്തു. ഗാന്ധിയേയും അത് സ്വാധീനിച്ചിരുന്നു. ഗാന്ധിയൻ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന മാർജറി സാക്സ് ക്വേക്കർ വിഭാഗത്തിൽ നിന്നുള്ള ആളായിരുന്നു. ഇത്തരത്തിൽ ഓരോ വ്യക്തിക്കും പരിഗണന കൊടുക്കുക എന്നത് സാമൂഹികമായി ഒരു പ്രധാനകാര്യമാണ്. വ്യക്തികളുടെ അഭിപ്രായങ്ങൾ മാനിക്കാതിരിക്കുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യുന്നെങ്കിൽ സാമൂഹികനീതി അസാധ്യമാകും. അത് എങ്ങനെ സാധ്യമാകും എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. അത് എറ്റെടുക്കാൻ നമ്മൾ തയ്യാറാകണം.

**എം.പി. പരമേശ്വരൻ:** *ആ വെല്ലുവിളി ഏറ്റെടുക്കുക എന്നത് ഇന്ന് അതിപ്രാധാന്യമുള്ള കാര്യമായി മാറിയിരിക്കുന്നു. ആ വെല്ലുവിളി ഏറ്റെടുക്കാനുള്ള പ്രാപ്തി നമ്മുടെ യുവതലമുറയ്ക്കില്ലെന്നാണ് അനുഭവങ്ങളിലൂടെ എനിക്ക് ബോധ്യമാകുന്നത്. ദീർഘകാല പരിപാടികൾ ആവശ്യമാണെങ്കിലും അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളുടെ അഭാവം സമൂഹത്തെ സാരമായി ബാധിക്കുന്നുണ്ട്. ഉദാഹരണമായി ചർഖയുടെ കാര്യമെടുക്കാം. കുട്ടിക്കാലത്ത് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായാണ് ചർഖ ഉപയോഗിക്കാനുള്ള അവസരം എനിക്കുണ്ടായത്. ഖാദിപ്രചാരസഭ എല്ലാ സ്കൂളുകളിലും അന്ന് ചർഖ കൊടുത്തിരുന്നു. അങ്ങനെ നെയ്തെടുത്ത ഷർട്ട് ധരിക്കുമ്പോൾ ഞാനും സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ഭാഗമായതായി എനിക്ക് തോന്നിയിരുന്നു. നിരവധിപേർ ഖാദിയിലേക്ക് ആകൃഷ്ടരാകാനുള്ള പ്രധാന കാരണം അതായിരുന്നു. ഇന്ന്*

**ഗാന്ധികഥയിൽ രണ്ട് പ്രധാനവാക്കുകൾ ഞാൻ പറഞ്ഞിരുന്നു, തത്വവും തന്ത്രവും. തത്വം കാലാതീതമാണ്. തന്ത്രം കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് മാറിക്കൊണ്ടേയിരിക്കണം എന്നാണ് ഗാന്ധിജി പറഞ്ഞത്. ഗാന്ധിയൻ തത്വങ്ങളല്ല, ഗാന്ധിയൻ പ്രയോഗങ്ങളാണ് ഇന്ന് ശരിക്കും പ്രതിസന്ധി അനുഭവിക്കുന്നത്. ഗാന്ധിയൻ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി അവ എങ്ങനെ പരിഷ്കരിക്കാം എന്നാണ് നമ്മൾ ചിന്തിക്കേണ്ടത്**

*ഖാദിയിലേക്കെത്തുന്നവരുടെ എണ്ണം വളരെക്കുറഞ്ഞു. ഖാദിപ്രസ്ഥാനം പോലെയുള്ള വില്ലേജ് വ്യവസായങ്ങളെ എങ്ങനെയാണ് നമുക്ക് വീണ്ടെടുക്കാൻ കഴിയുന്നത്. പഴയ ടെക്നോളജി കാലത്തിനനുസരിച്ച് എങ്ങനെ പുതുക്കിയെടുക്കാം?*

**നാരായൺ ദേസായി:** ഗാന്ധികഥയിൽ രണ്ട് പ്രധാനവാക്കുകൾ ഞാൻ പറഞ്ഞിരുന്നു, തത്വവും തന്ത്രവും. തത്വം കാലാതീതമാണ്. തന്ത്രം കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് മാറിക്കൊണ്ടേയിരിക്കണം എന്നാണ് ഗാന്ധിജി പറഞ്ഞത്. ഗാന്ധിയൻ തത്വങ്ങളല്ല, ഗാന്ധിയൻ പ്രയോഗങ്ങളാണ് ഇന്ന് ശരിക്കും പ്രതിസന്ധി അനുഭവിക്കുന്നത്. ഗാന്ധിയൻ തത്വങ്ങൾ ലോകമെമ്പാടും ഇന്നും അംഗീകരിക്കപ്പെടുന്നുണ്ട്. ഗാന്ധിയൻ പ്രയോഗങ്ങളും സാങ്കേതികവിദ്യകളും കാലഹരണപ്പെട്ടിരിക്കുന്നു. ഗാന്ധിയൻ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി അവ എങ്ങനെ പരിഷ്കരിക്കാം എന്നാണ് നമ്മൾ ചിന്തിക്കേണ്ടത്.

**എനിക്ക് യുവതലമുറയിൽ പ്രതീക്ഷയുണ്ട്. അവർ ഒരു ഇസങ്ങളുടെയും ഭാരം വഹിക്കുന്നവരല്ല. എന്തിനോടും തുറന്ന സമീപനമാണ് അവർക്കുള്ളത്. പക്ഷെ വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ നേടുന്നതിനുള്ള ഉപാധിമാത്രമായി പരിഗണിക്കപ്പെടുമ്പോൾ യുവതലമുറയ്ക്ക് മുന്നിൽ മറ്റ് സാധ്യതകളെല്ലാം അടഞ്ഞുപോകുന്നു. നിലവിലുള്ള ഈ സമ്പ്രദായം പല യുവാക്കളേയും അസ്വസ്ഥരാക്കുന്നുണ്ട്**

അതിനുതകുന്ന കൃത്യമായ സാങ്കേതികവിദ്യ നിർമ്മിച്ചെടുക്കുന്നതിനെക്കുറിച്ച് ഗുജറാത്ത് വിദ്യാപീഠത്തിലെ സുഹൃത്തുക്കളുമായി ഞാൻ ആലോചിച്ചിരുന്നു. ലോകത്തിന്റെ പലഭാഗത്ത് നിന്നുള്ള സാങ്കേതികവിദ്യ അതിനായി സമാഹരിക്കേണ്ടതുണ്ട്. ഗുജറാത്ത് വിദ്യാപീഠത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല അത്. യുവതലമുറയാണ് ശരിക്കും അതിന് മുൻകൈയെടുക്കേണ്ടത്.

എനിക്ക് യുവതലമുറയിൽ പ്രതീക്ഷയുണ്ട്. അവർ ഒരു ഇസങ്ങളുടെയും ഭാരം വഹിക്കുന്നവരല്ല. എന്തിനോടും തുറന്ന സമീപനമാണ് അവർക്കുള്ളത്. പക്ഷെ വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ നേടുന്നതിനുള്ള ഉപാധിമാത്രമായി പരിഗണിക്കപ്പെടുമ്പോൾ യുവതലമുറയ്ക്ക് മുന്നിൽ മറ്റ് സാധ്യതകളെല്ലാം അടഞ്ഞുപോകുന്നു. നിലവിലുള്ള ഈ സമ്പ്രദായം പല യുവാക്കളേയും അസ്വസ്ഥരാക്കുന്നുണ്ട്.

കുറച്ച് നാളുകൾക്ക് മുമ്പ് ജപ്പാനിൽ നിന്നും ഒരു പെൺകുട്ടി സമ്പൂർണ്ണക്രാന്തി വിദ്യാലയത്തിൽ എത്തിയിരുന്നു. ജപ്പാനിൽ ബാങ്ക് ഉദ്യോഗസ്ഥയായിരുന്ന അവൾക്ക് പണമിടപാടുകളുമായി ബന്ധപ്പെട്ട ജോലി മടുക്കുകയും തുടർന്ന് ഗാന്ധിജിയുടെ ആത്മകഥ വായിക്കാൻ ഇടവരുകയും ചെയ്തു. അതിനെ തുടർന്നാണ് അവൾ ജോലി ഉപേക്ഷിച്ച് ഇന്ത്യയിലെത്തുന്നത്. ഗുജറാത്ത് വിദ്യാപീഠത്തിൽ നിന്നും എംഫിൽ പഠനവും സമ്പൂർണ്ണക്രാന്തി വിദ്യാലയത്തിൽ നിന്നും വസ്ത്രം നെയ്യാനും പഠിച്ച അവൾ ജപ്പാനിലേക്ക് മടങ്ങുകയും നെയ്ത്ത് അവിടെ പ്രചരിപ്പിക്കുകയും ചെയ്തു. ഫുക്കുഷിമ ദുരന്തത്തിന് ശേഷം ജപ്പാനിലെത്തിയ അവൾ ജപ്പാൻ ജനതയ്ക്ക് പകർന്ന് നൽകിയ ഗാന്ധിയൻ മൂല്യങ്ങൾ അവരുടെ ജീവിതത്തിൽ തന്നെ വലിയ മാറ്റങ്ങളുണ്ടാക്കിയതായി അവൾ പിന്നീട് ഞങ്ങളോട് പറഞ്ഞു. വികസനമാതൃകയായി ഏവരും എടുത്തുപറയുന്ന ജപ്പാനിൽ നിന്നാണ് ഈ പെൺകുട്ടി വന്നതെന്നോർക്കണം. പുത്തൻ വികസനമാതൃകയോട് യുവതലമുറയ്ക്ക് കലഹിക്കേണ്ട അവസ്ഥ വരുന്നു എന്ന സൂചനയാണ് അവൾ നമുക്ക് നൽകുന്നത്.

## നാരായൺ ദേസായി



ഗാന്ധിയൻ ചിന്തകൻ, എഴുത്തുകാരൻ, ആക്ടിവിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തനും മഹാത്മ ഗാന്ധിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന മഹാദേവ് ദേസായിയുടെ മകനുമായ നാരായൺ ദേസായി തന്റെ ചെറുപ്പകാലം ഏതാണ്ട് 20 വർഷങ്ങളോളം ഗാന്ധിജിയുടെ കൂടെ ചെലവഴിച്ച ആളാണ്. തുടർന്ന് വിനോബ ഭാവെ, ജയപ്രകാശ് നാരായൺ എന്നിവരോടൊത്തും അദ്ദേഹം രണ്ട് ദശകങ്ങൾ വീതം പങ്കിടുകയുണ്ടായി. വിനോബഭാവെയുടെ കൂടെ ഭൂദാനയജ്ഞത്തിൽ പങ്കെടുത്തുകൊണ്ട് 12,000 കിലോമീറ്റർ കാൽനടയായി സഞ്ചരിക്കുകയും 3,000 ഏക്കർ ഭൂമി ശേഖരിച്ച് കർഷകർക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ജയപ്രകാശ് നാരായണനൊപ്പം ശാന്തിസേന, തരുൺശാന്തിസേന തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകി. വാർറസിസ്റ്റേഴ്സ് ഇന്റർനാഷണൽ, പീസ് ബ്രിഗേഡ് ഇന്റർനാഷണൽ എന്നീ അന്തർദ്ദേശീയ സംഘടനകളുടെ സ്ഥാപകരിൽ ഒരാളാണ്. ഏഴര പതിറ്റാണ്ടുകളായി ഗാന്ധിയൻ നിർമ്മാണാത്മക പ്രവർത്തനങ്ങളിലും പുസ്തക രചനയിലും ബദൽ വികസന പാതകളെക്കുറിച്ചുള്ള അന്വേഷണത്തിലും സജീവമായി വ്യാപൃതനാണ്. ഗാന്ധിജിയുടെ ജീവചരിത്രമുൾപ്പെടെ അമ്പതോളം കൃതികൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ ഗുജറാത്തിലെ ആദിവാസിഗ്രാമമായ വേദ്ചിയിലെ സമ്പൂർണ്ണ ക്രാന്തി വിദ്യാലയത്തിൽ താമസിക്കുന്നു. മഹാത്മജിയുടെ ജീവിതവും ദർശനവും പുതിയതലമുറയിലേക്ക് എത്തിക്കുന്നതിന് രാജ്യത്തെമ്പാടുമായി ഗാന്ധികഥ എന്ന പരിപാടി നടത്തിവരുകയാണ് എൺപത്തിയാറുകാരനായ നാരായൺ ദേസായി.